# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

**Rev. Dr. Bressan Ozhungalil**
**Chairman**
**E-Mail:frbressanj@gmail.com**
**Mob: 9495080049**

**Knanaya Catholic Chaithanya Pastoral Centre**
**Thellakom P.O., Kottayam- 686 630**
**Phone : 0481 - 2791098**
**E-Mail:catechismktm@gmail.com**


## STD VII

പാഠം 2

## കർത്താവായ ദൈവം

ഭാഗം 1

1. ഒന്നാം പ്രമാണം നമ്മോടു ആവശ്യപ്പെടുന്നത് എന്താണ്?
സൃഷ്ടികളെന്ന നിലയ്ക്ക് സ്രഷ്ടാവിനെ ആരാധിക്കാൻ

2. അന്യദേവന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കരുത് എന്ന് നിഷ്കർഷിക്കുന്ന പ്രമാണം
ഒന്നാം പ്രമാണം

3. ദൈവത്തിന്റെ അസ്ഥിത്വത്തെ തള്ളിക്കയുകയോ നിഷേധിക്കുകയോ ചെയ്യുന്ന തിന്മ?
നിരീശ്വരവാദം

4. ദുഷ്ടശക്തികളെ ആശ്രയിച്ചു ഭൗതികനേട്ടങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്നതാണ്............................
മന്ത്രവാദം

5. ദൈവസ്നേഹത്തിന്റെ ആഴവും അർത്ഥവും മക്കൾ മനസിലാക്കുന്നത് ആരുടെ സ്നേഹത്തിലൂടെയാണ്?
മാതാപിതാക്കളിലൂടെ

6. പ്രത്യാശയ്ക്ക് എതിരായ പാപമാണ്?
നിരാശ

7. പ്രത്യാശ നമുക്ക് നൽകുന്നത് എന്താണ്?
എല്ലാറ്റിനും എല്ലായ്പ്പോഴും എനിക്കു സംരക്ഷകനായി ദൈവമുണ്ടെന്ന തിരിച്ചറിവാണ് പ്രത്യാശ നമുക്ക് നൽകുന്നത്.

8. ദൈവത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും ആരാധിക്കാനുള്ള പ്രലോഭനം പുതിയനിയമത്തിൽ ഏത് സംഭവത്തിലാണ് പ്രതിബാധിക്കുന്നത്?
മരുഭൂമിയിലെ പരീക്ഷ

9. ഒന്നാം പ്രമാണം പാലിക്കാൻ നമുക്ക് എങ്ങനെ കഴിയും?
ദൈവത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും ആരാധിക്കാനുള്ള പ്രലോഭനങ്ങളെ നാം അതിജീവിക്കണം. അപ്പോൾ മാത്രമേ നമുക്ക് ഒന്നാംപ്രമാണം പാലിക്കാൻ കഴിയൂ.

10. സ്നേഹം എന്നാൽ എന്ത്?
എല്ലാറ്റിനും ഉപരിയായി ദൈവത്തേയും തന്നെപ്പോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവികപുണ്യമാണ് സ്നേഹം